എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതം അനുവദിച്ചുനൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷ കാലയളവിലെ ഉടമ-തൊഴിലാളി അംശാദായമായ ഏകദേശം 200 കോടി രൂപ സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021 ൽ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റാറ്റേർഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്കും 1,000 രൂപ വീതം അടിയന്തര ധനസഹായമായി നാളിതുവരെ 141,029 തൊഴിലാളികൾക്ക് 14,10,29,000 രൂപ (പതിനാലു കോടി പത്ത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം രൂപ മാത്രം) ബോർഡിന്റെ തനതു ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. നികുതി ഒഴിവാക്കുന്നതടക്കമുള്ള കൂടുതൽ ആനുകൂല്യങ്ങൾ പരിഗണനയിലാണ്.

**നികുതി ഇനത്തിലെ നഷ്ടം**

274 (1259) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, ബാങ്കുകൾ എന്നിവ വ്യാപകമായി കരാർ അടിസ്ഥാനത്തിൽ സ്വകാര്യ വാഹനങ്ങളെ ടാക്സിയായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ടോ;

&

(സി) ഇപ്രകാരം നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

സർക്കാർ ഉത്തരവ് (അ)നമ്പർ 66/2018/ധന, 17-4-2018 പ്രകാരം സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഉപയോഗത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

3-5 വർഷ കാലയളവിലേയ്ക്ക് പുതിയ വാഹനം ലീസിന് എടുക്കാൻ അനുമതിയുണ്ട്. ധനകാര്യ വകുപ്പിന്റെ സർക്കുലർ 85/2018/ഫിൻ, തീയതി 15-9-2018 പ്രകാരം ലീസിന് എടുക്കുന്ന വാഹനങ്ങൾ വാണിജ്യ വാഹനങ്ങൾ ആയിരിക്കണം എന്ന് നിലവിൽ നിബന്ധനയില്ല. ആയതിനാൽ സ്വകാര്യ വാഹനങ്ങളും ഇത്തരത്തിൽ ലീസിന് എടുത്ത് ഉപയോഗിക്കാൻ കഴിയുന്നതാണ്. പ്രസ്തുത നിബന്ധന മാറ്റുന്ന കാര്യം പരിശോധിച്ചുവരികയാണ്. എല്ലാത്തരം നോൺ ട്രാൻസ്പോർട്ട് (സ്വകാര്യ) വാഹനങ്ങളുടെയും 15 വർഷത്തെ നികുതി ഒറ്റത്തവണയായി ഈടാക്കുന്നതിനാൽ ഇതുമൂലം നികുതിനഷ്ടം ഉണ്ടാകുന്നില്ല.

**സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്**

275(1260) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഡെക്കുകൾ ഉള്ള സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ബോട്ടുകളുടെ 6 നിർമ്മാണ ഘട്ടങ്ങളിൽ 5-ാം ഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം മേഖലയിൽ ടി ബോട്ട് എത്തിച്ചതിനുശേഷമുള്ള ഇന്റീരിയർ വർക്കുകളാണ് ഇനി ചെയ്യാനുള്ളത്. ആയതുകൂടി പൂർത്തീകരിച്ച് കാലതാമസം കൂടാതെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലഗതാഗത വകുപ്പിലെ വിശേഷാൽ ചട്ടം**

276(1261) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ആൻഡ് ഡോക്ക് റിപ്പയർ വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടം [ജി.ഒ (പി) നമ്പർ 2925/01/2004/ ട്രാൻസ് തീയതി 15-7-2007] ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly